(സി) ജീവദായിനി, പുനർജനി, യുവകർമ്മസേന എന്നീ പദ്ധതികൾ യുവജനങ്ങൾക്കിടയിൽ സേവന തൽപ്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ സംസ്ഥാന എക്സൈസ് വകുപ്പിന്റെയും എൻ.എസ്.എസ്. ന്റെയും സഹകരണത്തോടുകൂടി കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടുനിൽക്കുന്ന പരിപാടിയാണ് സംഘടിപ്പിച്ചത്. പ്രചാരണത്തിന്റെ ഭാഗമായി ലഘുലേഖ വിതരണം, തെരുവുനാടകം, സിനിമാ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു കൂടാതെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത ക്ലബുകൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി ധനസഹായവും നൽകിവരുന്നുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ യുവജന മുന്നേറ്റ പദ്ധതികൾ

365 (705) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ-സി) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൃഗശാലകൾ

366 (706) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര മൃഗശാലകൾ ഇപ്പോൾ കേന്ദ്ര വൈൽഡ് ലൈഫിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ മൃഗശാലകളുടെ സംരക്ഷണത്തിന് ആവശ്യമായ വരുമാനം പ്രവേശന ഫീസ് മുഖേന ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത മൃഗശാലകളുടെ പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നത് ഏത് ഗവൺമെന്റാണ്;

(സി) മൃഗശാലകൾ ഇല്ലാത്ത ജില്ലകളിൽ ഗവൺമെന്റിന്റെ അംഗീകാരത്തോട് കൂടി മൃഗശാലകൾ ആരംഭിയ്ക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം, തൃശ്ശൂർ, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൃഗശാലകൾ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly